പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6734 01.11.2011- ലെ മറുപടി

ബസ്സുകളുടെ ട്രിപ്പ് ക്രമീകരണം

ചോദ്യം

ഉത്തരം

ശ്രീ. എം. പി. വിൻസെന്റ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തൃശൂർ - തിരുവനന്തപുരം സർവ്വീസുകൾ പീച്ചി ഡാം വരെ നീട്ടി പുനഃക്രമീകരിക്കുമോ ; | (എ) | തൃശൂർ - പാലക്കാട് ഹൈവേയിൽ പട്ടിക്കാട് നിന്നും 7 കി. മീറ്റർ ദൂരത്തിലാണ് പീച്ചി ഡാം സ്ഥിതിചെയ്യുന്നത്. തൃശ്ശൂർ - പാലക്കാട് റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസുകൾ ഉൾപ്പെടെ ഒട്ടേറെ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുറമെ തൃശ്ശൂരിൽ നിന്നും ആവശ്യത്തിലേറെ സ്വകാര്യ സർവ്വീസുകളും പീച്ചി ഡാമിലേയ്ക്ക് നടത്തുന്നുണ്ട്.<br>തിരുവനന്തപുരത്തുനിന്നും തൃശ്ശൂർ വഴി പീച്ചി ഡാമിലേക്ക് നടത്തിയിരുന്ന ഒരു സർവ്വീസ് ലാഭകരമല്ലാതായി തീർന്നതിനെത്തുടർന്ന് നിർത്തിവെയ്ക്കുകയാണുണ്ടായത്. ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയാത്തതിനാൽ തിരുവനന്തപുരം - തൃശ്ശൂർ സർവ്വീസുകൾ പീച്ചി ഡാമിലേയ്ക്ക് നീട്ടണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ബി) | തൃശൂർ-പീച്ചി ലോഫ്ളോർ നോൺ എ.സി/എ.സി ബസ് സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ബി) | JnNURM കേന്ദ്ര പദ്ധതിയിൽ ഉൾപ്പെട്ട ലോ ഫ്ളോർ (A/C & Non-A/C) ബസ് സർവ്വീസ്സുകൾ തൃശ്ശൂർ - പീച്ചിയിലേക്ക് സർവ്വീസ് തുടങ്ങുന്നതിന് അനുവാദമില്ല. |

സെക്ഷൻ ഓഫീസർ